Deshabhimani 19.10.17



► പശ്ചിമഘട്ടത്തിൽ കണ്ടെത്തിയ പുതിയ ഇനം ഓർക്കിഡ്

► ലിപ്പാരിസ് സനാമലബാറിക്ക

# പശ്ചിമഘട്ടത്തിലെ പുതിയ ഇനം ഓർക്കിഡ്

കൽപ്പറ്റ > പശ്ചിമഘട്ട മലനിരകളിലെ വയനാടൻ മഴക്കാടുകളിൽ നിന്നും പുതിയ ഇനം സസ്യത്തെ കണ്ടെത്തി. ഓർക്കിഡ് കുടുംബത്തിലെ മനോഹരമായ പൂക്കളുണ്ടാകുന്ന ലിപ്പാരിസ് ജനുസ്സിൽ പെട്ടതാണിത്. സസ്യവൈവിധ്യങ്ങളാൽ സമ്പന്നമായ മലബാർപ്രദേശത്തെ പ്രതിനിധീകരിക്കുന്നതും അതീവസുന്ദരമായ എന്ന് അർഥംവരുന്ന അറബി നാമവും ചേർത്താണ് ഇതിന് ലിപ്പാരിസ് സനാമലബാറിക്ക എന്ന നാമം നൽകിയിട്ടുള്ളത്.

വയനാട്ടിലെ പഠനത്തിൽ ഇതുവരെ 181 ൽപരം ഓർക്കിഡുകളെയാണ് കണ്ടെത്തിയത്. അതിൽതന്നെ ലിപ്പാരിസ് ജനുസ്സിൽ 14ൽപരം സസ്യത്തെയാണ് കണ്ടെത്തിയത്. നിത്യഹരിതവനങ്ങളിലെ മരങ്ങളിൽ കൂട്ടമായി പറ്റിപ്പിടിച്ച് വളരുന്ന ഈ സസ്യങ്ങൾക്ക് സാധാരണ ഗതിയിൽ ഒരിലയാണ്. ഇലയുടെ അരികുകൾ കീറിയത് പോലെ ഉണ്ടാകും. ഉരുണ്ട കാണ്ഡവുമാണ്.

അപൂർവ ഇനത്തിൽപ്പെട്ട ഈ സസ്യത്തിന്റെ സ്ഥാനം അതീവസംരക്ഷണ പ്രാധാന്യമുള്ള സസ്യങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ മുതിർന്ന സാങ്കേതികവിഭാഗം ജീവനക്കാരനായ പിച്ചൻ എം സലീമാണ് പുതിയ കണ്ടെത്തലിന് പിറകിൽ. കൂടാതെ എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ മുതിർന്ന ഗവേഷകനും സ്ഥാപന മേധാവിയുമായ ഡോ. വി ബാലകൃഷ്ണനാണ് ഈ പഠനപ്രവർത്തനങ്ങൾക്ക് ഏകോപനം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഗവേഷണത്തിന്റെ പൂർണ രൂപം തായ്‌വാനിയ എന്ന അന്താരാഷ്ട്ര ജേണലിന്റെ പുതിയ ലക്കത്തിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.